പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5010. 24.07.2015 ന് മറുപടിയ്ക്ക്.

## സർക്കാർ ഐ.റ്റി.ഐ. കൾ

ചോദ്യം | ഉത്തരം

ശ്രീ.വി.ശശി :

ശ്രീ. ഷിബു ബേബിജോൺ
(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി)

(എ) 2014-15 അധ്യയന വർഷത്തിൽ സംസ്ഥാനത്തെ സർക്കാർ ഐ.റ്റി.ഐ. കളിൽ പഠിക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിരുന്നു; എത്ര പേർക്ക് പ്രവേശനം നൽകി; 2015-16 വർഷം എത്ര പേർക്കാണ് പ്രവേശനാവസരം ഉള്ളത്;

(എ) 2014-15 അധ്യയന വർഷത്തിൽ സംസ്ഥാനത്തെ സർക്കാർ ഐ.റ്റി.ഐ. കളിൽ അഡ്മിഷനുവേണ്ടി 2,19,823 അപേക്ഷകൾ ലഭിച്ചിരുന്നു. ടി വർഷത്തിൽ എൻ.സി.വി.റ്റി, എസ്.സി.വി.റ്റി, സി.ഒ.ഇ ട്രേഡുകളിലായി ആകെ 16,624 കുട്ടികൾക്ക് അഡ്മിഷൻ നൽകിയിരുന്നു. 2015-16 വർഷത്തിൽ 18,291 പേർക്ക് പ്രവേശനാവസരം ഉണ്ട്.

(ബി) സി. ഒ. ഇ. സ്കീം, എം. ഐ. ഇ. എം. ആർ. റ്റി. വി. ട്രേഡുകൾ എന്നിവ ഈ അധ്യയന വർഷം നിർത്തലാക്കുമ്പോൾ എത്ര വിദ്യാർത്ഥികൾക്ക് സർക്കാർ ഐ. റ്റി. ഐ. കളിൽ പഠനാവസരം നഷ്ടപ്പെട്ടു മെന്ന് വ്യക്തമാക്കുമോ;

(ബി) സി. ഒ. ഇ. സ്കീം, എം. ഐ. ഇ (മെക്കാനിക്ക് ഇൻഡസ്ട്രിയൽ ഇലക്ട്രോണിക്സ്), എം.ആർ.ടി.വി. (മെക്കാനിക്ക് റേഡിയോ & ടെലിവിഷൻ) എന്നീ ട്രേഡുകൾ കേന്ദ്രസർക്കാരിന്റെ നിർദ്ദേശ പ്രകാരം നിർത്തലാക്കുമ്പോൾ വിവിധ ഐ.ടി.ഐ. കളിലായി 2,907 സീറ്റുകളുടെ കുറവുണ്ടാകും. എന്നാൽ ടി (പഴയ) ട്രേഡുകൾ റീവാംബ് ചെയ്യുതിലൂടെ ആരംഭിക്കുന്ന പുതിയ ട്രേഡുകളിൽ അപേക്ഷകർക്ക് അവസരം ലഭ്യമാകുന്നതാണ്.

മറുപുറം

(സി) ഈ അധ്യയന വർഷം പുതുതായി സർക്കാർ ഐ.റ്റി.ഐ. കൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

(സി) ഈ അധ്യയന വർഷം (2015-16) ചുവടെ ചേർത്തിരിക്കുന്ന ഐ.ടി.ഐ. കൾ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

1. പാലക്കാട് ജില്ലയിലെ കരിമ്പുഴ ഗ്രാമപഞ്ചായത്തിലെ എല്ലമ്പുലാശ്ശേരിയിൽ - (ജി.ഒ.(എം.എസ്) നം.67/2015/തൊഴിൽ, തീയതി 18.6.2015)

2. വയനാട് ജില്ലയിലെ പനമരം ഗ്രാമപഞ്ചായത്തിൽ - (ജി.ഒ.(എം.എസ്) നം.79/2015/തൊഴിൽ, തീയതി 4.7.2015)

3. മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി നിയോജക മണ്ഡലത്തിലെ വാഴക്കാട് ഗ്രാമപഞ്ചായത്തിൽ - (ജി.ഒ.(എം.എസ്) നം.89/2015/തൊഴിൽ, തീയതി 21.7.2015)

സെക്ഷൻ ഓഫീസർ